REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-08-2025 | സമയം 12.30 PM

## പ്രധാന വാർത്തകൾ

- **79-ാമത് സ്വാതന്ത്ര്യദിനാഘോഷ ചടങ്ങിൽ 28 സംസ്ഥാനങ്ങളിലെ 210 പഞ്ചായത്ത് നേതാക്കൾ പ്രത്യേക അതിഥികളായി പങ്കെടുക്കുമെന്ന് പഞ്ചായത്തീരാജ് മന്ത്രാലയം.**
- **'ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛതാ' കാമ്പയിൻ രാജ്യത്ത് പുരോഗമിക്കുന്നു.**
- **കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി തൃശൂരിൽ പ്രതിഷേധ മാർച്ചിനിടെ പരിക്കേറ്റ BJP നേതാക്കളെ സന്ദർശിച്ചു.**
- **തൃശൂരിലെ വോട്ടർപട്ടിക ക്രമക്കേട് ആരോപണം പ്രതിപക്ഷ - രാഷ്ട്രീയ തന്ത്രമാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ. ക്രമക്കേടിനെ പറ്റി അന്വേഷണം വേണമെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ.**
- **തൃശൂരിൽ 64-മത് സ്കൂൾ കലോത്സവ നടത്തിപ്പിന് സംഘാടകസമിതി രൂപീകരിച്ചു.**
- **സുബ്രതോ കപ്പ് അന്താരാഷ്ട്ര ഫുട്ബോൾ ടൂർണമെന്റിനു ഈ മാസം 19ന് തുടക്കമാകും.**

## വാർത്തകൾ വിശദമായി

79-ാമത് സ്വാതന്ത്ര്യദിനത്തിൽ ന്യൂഡൽഹിയിലെ ആഘോഷ ചടങ്ങിൽ 28 സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നും 210 പഞ്ചായത്ത് നേതാക്കൾ പ്രത്യേക അതിഥികളായി പങ്കെടുക്കുമെന്ന് പഞ്ചായത്തീരാജ് മന്ത്രാലയം അറിയിച്ചു. മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ, മെച്ചപ്പെട്ട

പൊതുസേവനങ്ങൾ എല്ലാവരേയും ഉൾക്കൊള്ളുന്ന സമൂഹ സംരംഭങ്ങൾ എന്നിവയിൽ പുരോഗതി കൈവരിച്ച പഞ്ചായത്തുകളിലെ വനിതാ നേതാക്കളെയടക്കമാണ് ഈവർഷം അതിഥികളായി ക്ഷണിച്ചത്.

✪✪✪

79-ാം സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി 'ഹർ ഘർ തിരംഗ, ഹർ ഘർ സ്വച്ഛതാ' കാമ്പയിൻ രാജ്യത്ത് പുരോഗമിക്കുന്നു. ദേശീയ പതാകയുമായി ജനങ്ങളുടെ ആത്മബന്ധം ശക്തിപ്പെടുത്താനും, അറിവു പകരാനും, രാഷ്ട്രനിർമാണത്തിലെ ജനകീയപങ്കാളിത്തത്തിന് കരുത്തേകാനും ലക്ഷ്യമിട്ടാണ്, ഈ മാസം രണ്ട് മുതൽ സ്വാതന്ത്ര്യദിനം വരെ, രാജ്യവ്യാപക കാമ്പയിൻ സംഘടിപ്പിക്കുന്നത്.

കാമ്പയിനിന്റെ ഭാഗമായി കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ വസതിയിൽ ദേശീയ പതാക ഉയർത്തി. കാമ്പയിൻ ഒരു ബഹുജന പ്രസ്ഥാനമായി മാറിയിരിക്കുന്നുവെന്നും, അത് ദേശസ്നേഹത്തിന്റെ ആത്മാവിനെ കൂടുതൽ ശക്തിപ്പെടുത്തുമെന്നും അമിത് ഷാ സമൂഹിക മാധ്യമത്തിൽ കുറിച്ചു.

ഉത്തർപ്രദേശിലെ അയോധ്യയിലും തിരംഗ യാത്ര സംഘടിപ്പിച്ചു. ജമ്മുകാശ്മീരിൽ 100 മീറ്റർ നീളത്തിലെ ത്രിവർണ്ണ പതാക ഉപയോഗിച്ചായിരുന്നു റാലി.

സ്വാതന്ത്ര്യദിനാഘോഷങ്ങളുടെ ഭാഗമായി ഏഴിമല ഇന്ത്യൻ നാവിക അക്കാദമി പയ്യന്നൂരിൽ വൈകിട്ട് ബാൻഡ് പ്രകടനം നടത്തും. പയ്യന്നൂർ ഷെണായി ടൗൺ സ്ക്വയറിൽ ആറര മുതൽ 7.30 വരെയാണ് പരിപാടി.

✪✪✪

പാർലമെന്റിൽ വർഷകാല സമ്മേളനം തിങ്കളാഴ്ച പുനരാരംഭിക്കും. ഇരുസഭകളും ഇനി 18നേ സമ്മേളിക്കൂ.

✪✪✪

നശാ മുക്ത് ഭാരത് അഭിയാൻ അഞ്ച് വർഷങ്ങൾ പൂർത്തിയാക്കിയതോടനുബന്ധിച്ച് മയക്കുമരുന്ന് ദുരുപയോഗത്തിനെതിരെ രാജ്യവ്യാപകമായി ബഹുജന പ്രതിജ്ഞ സംഘടിപ്പിച്ചു. ന്യൂഡൽഹിയിലെ കേന്ദ്രീയ വിദ്യാലയത്തിൽ കേന്ദ്ര മന്ത്രിമാരായ ഡോ. വിരേന്ദ്ര കുമാർ, രവീന്ദർ സിംഗ്, കേന്ദ്ര സഹമന്ത്രി BL വർമ എന്നിവരുടെ സാന്നിധ്യത്തിലായിരുന്നു പരിപാടി.

✪✪✪

കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി തൃശൂരിൽ പ്രതിഷേധ മാർച്ചിനിടെ പരിക്കേറ്റ BJP നേതാക്കളെ സന്ദർശിച്ചു. സുരേഷ്ഗോപിയുടെ ഓഫീസിന്റെ ബോർഡിൽ കരിയോയിൽ ഒഴിച്ചതിൽ പ്രതിഷേധിച്ചാണ് BJP പ്രവർത്തകർ ഇന്നലെ CPIM ഓഫീസിലേക്ക് മാർച്ച് നടത്തിയത്.

✪✪✪

കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയുടെ ഓഫീസിന് നേരെ CPIM നടത്തിയ അതിക്രമത്തിൽ പ്രതിഷേധിച്ച് തൃശൂർ പോലീസ് കമ്മിഷണർ ഓഫീസിലേക്ക് BJP പ്രതിഷേധ മാർച്ച് സംഘടിപ്പിച്ചു. പ്രവർത്തകർ പൊലീസ് ബാരിക്കേഡ് മറികടക്കാൻ ശ്രമിച്ചതിനെ തുടർന്ന് മാർച്ചിന് നേരെ പൊലീസ് ജലപീരങ്കി പ്രയോഗിച്ചു.

✪✪✪

തൃശൂരിലെ വോട്ടർപട്ടിക ക്രമക്കേടുമായി ബന്ധപ്പെട്ട ആരോപണം തിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് പ്രതിപക്ഷ പാർട്ടികളുടെ രാഷ്ട്രീയ തന്ത്രമാണെന്ന് BJP സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ആരോപണം ഉന്നയിക്കുന്നവർ തെളിവുകളുമായി കോടതിയെയോ തെരഞ്ഞെടുപ്പ് കമ്മീഷനേയോ ആണ് സമീപിക്കേണ്ടത്. പത്തു കൊല്ലം രാജ്യത്തിന് വേണ്ടി ഒന്നും ചെയ്യാത്ത ഗവൺമെന്റ് തിരഞ്ഞെടുപ്പ് വരുമ്പോൾ നുണകളുമായി ജനങ്ങളുടെ ശ്രദ്ധ തിരിക്കാൻ ശ്രമിക്കുകയാണെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

✪✪✪

മണ്ഡലങ്ങളിൽ ആറ് മാസത്തിലേറെ സ്ഥിരമായി താമസിക്കുന്നവരുടെ പേരുകൾ വോട്ടർപട്ടികയിൽ ഉൾപ്പെടുത്താൻ നിയമപരമായി കഴിയുമെന്ന് BJP മുൻ സംസ്ഥാന പ്രസിഡന്റ് K സുരേന്ദ്രൻ തൃശൂരിൽ പറഞ്ഞു. സുരേഷ് ഗോപിയും കുടുംബവും മറ്റ് പ്രവർത്തകരും മണ്ഡലത്തിൽ രണ്ട് വർഷം മുമ്പ് മുതലേ ഉണ്ടായിരുന്നു വെന്നും അദ്ദേഹം മാധ്യമങ്ങളെ അറിയിച്ചു

✪✪✪

തൃശൂരിലെ വോട്ടർ പട്ടികയിലെ ക്രമക്കേട് സംബന്ധിച്ച് ഉത്തരം പറയാൻ കേന്ദ്രസഹമന്ത്രി സുരേഷ് ഗോപിയും BJPയും ബാധ്യസ്ഥരാണെന്ന് പ്രതിപക്ഷനേതാവ് VD സതീശൻ പറഞ്ഞു. തൃശൂരിലെ ക്രമക്കേടിനെക്കുറിച്ച് വിശദമായ അന്വേഷണത്തിന് തിരഞ്ഞെടുപ്പ് കമ്മീഷൻ തയ്യാറാവണമെന്നും സതീശൻ ആവശ്യപ്പെട്ടു. മുൻ ആക്ഷേപങ്ങൾ പരിശോധിക്കാൻ ഇത് അവസരമാണെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

തൃശൂർ ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഉന്നയിച്ച വിഷയത്തിൽ സ്ഥാനാർത്ഥിയായിരുന്ന CPI നേതാവ് VS സുനിൽകുമാർ ഇന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർക്ക് നേരിട്ട് മറുപടി നൽകും. തിരുവനന്തപുരത്ത് നിയമസഭ കോംപ്ലക്സിലെ മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ ഓഫീസിലെത്തിയാണ് ഉച്ചയ്ക്ക് അദ്ദേഹം വിശദാംശങ്ങൾ കൈമാറുക.

✪✪✪

രാജസ്ഥാനിലെ ദൗസയിൽ വാഹനാപകടത്തിൽ 11 പേർ മരിച്ച സംഭവത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു അഗാധ ദുഃഖം അറിയിച്ചു. ഏഴ് കുട്ടികളും നാല് സ്ത്രീകളുമാണ് നിർത്തിയിട്ടിരുന്ന ട്രക്കിൽ പിക്കപ് വാഹനം ഇടിച്ച് മരിച്ചത്.

✪✪✪

അടുത്ത വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് മുംബൈ കേന്ദ്ര ഹജ്ജ് കമ്മിറ്റി ഓഫീസിൽ ഇന്ന് നറുക്കെടുപ്പ് നടത്തും. കേന്ദ്ര ഹജ്ജ് കമ്മിറ്റി പുറത്തിറക്കിയ മാർഗനിർദേശ പ്രകാരം 2026 വർഷത്തെ ഹജ്ജിന് ലഭിച്ച അപേക്ഷകളിൽ 65 വയസ്സിന് മുകളിലെ വിഭാഗത്തിനാണ് ആദ്യ പരിഗണന. തുടർന്ന് 2025-ൽ അപേക്ഷിച്ച് അവസരം ലഭിക്കാത്തവരെ പരിഗണിക്കും.

✪✪✪

തൃശ്ശൂരിൽ ജനുവരി 7ന് ആരംഭിക്കുന്ന 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന്റെ നടത്തിപ്പിന് 19 ഉപസമിതികളടങ്ങുന്ന സംഘാടകസമിതി രൂപീകരിച്ചു. മന്ത്രി V. ശിവൻകുട്ടി രൂപീകരണ യോഗം ഉദ്ഘാടനം ചെയ്തു.

25-ഓളം വേദികളിലായി 240-ൽ പരം ഇനങ്ങളിൽ 14,000-ത്തിലധികം വിദ്യാർത്ഥികൾ കലോത്സവത്തിൽ പങ്കെടുക്കും. സ്കൂൾതല മത്സരങ്ങൾ ഒക്ടോബർ 10-നകവും, സബ്ജില്ലാതല മത്സരങ്ങൾ ഒക്ടോബർ അവസാനവാരത്തിലും, ജില്ലാതല മത്സരങ്ങൾ നവംബർ 30-നകവും പൂർത്തിയാകും.

✪✪✪

സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുന്നതിന് വായനയ്ക്ക് ഗ്രേസ് മാർക്ക് നൽകാൻ തീരുമാനിച്ചതായി മന്ത്രി V ശിവൻകുട്ടി അറിയിച്ചു.

ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിലെ കുട്ടികൾക്ക് അനുയോജ്യമായ വായനാ പ്രവർത്തനങ്ങളും അഞ്ച് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സിലെ കുട്ടികൾക്ക് പത്രം വായനയും തുടർ പ്രവർത്തനങ്ങൾക്കുമായി ആഴ്ചയിൽ ഒരു പിരീഡ് മാറ്റിവെക്കുമെന്നും മന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

വായനാ പ്രവർത്തനങ്ങൾക്കായി അധ്യാപകർക്ക് പരിശീലനം നൽകി കൈപ്പുസ്തകം തയ്യാറാക്കുകയും ചെയ്യും. കലോത്സവത്തിൽ വായനയുമായി ബന്ധപ്പെട്ട ഒരു ഇനം കൂടി ഉൾപ്പെടുത്താൻ ആലോചിക്കുന്നുണ്ടെന്നും മന്ത്രി അറിയിച്ചു.

✪✪✪

കണ്ണൂർ ജില്ലയിലെ ജല ലഭ്യതതയുടേയും ഉപയോഗത്തിന്റെയും ഭാവി ആസൂത്രണത്തിന്റേയും കണക്കുകൾ ചേർത്ത് ജലബജറ്റ് തയ്യാറാക്കുന്നു. സംസ്ഥാനത്ത് തന്നെ ആദ്യമായാണ് ഒരു ജില്ല ജലബജറ്റ് തയ്യാറാക്കുന്നത്.

✪✪✪

ദേശീയ ജൂനിയർ ഗുസ്തി ചാമ്പ്യനയിരുന്ന സാഗർ ധൻകറിനെ കൊലപ്പെടുത്തിയെന്ന കേസിൽ ഗുസ്തി താരം സുശീൽ കുമാറിന് ഡൽഹി ഹൈക്കോടതി അനുവദിച്ച ജാമ്യം സുപ്രീം കോടതി റദ്ദാക്കി. സാക്ഷിയെ ഭീഷണിപ്പെടുത്തിയെന്ന കേസിലാണ് നടപടി. ഒരാഴ്ചയ്ക്കകം കീഴടങ്ങാൻ സുപ്രീം കോടതി ഉത്തരവിട്ടു. ജസ്റ്റിസ് സഞ്ജയ് കരോൾ, ജസ്റ്റിസ് പ്രശാന്ത് കുമാർ മിശ്ര എന്നിവരുടേതാണ് വിധി.

✪✪✪

64-ാമത് സുബ്രതോ കപ്പ് അന്താരാഷ്ട്ര ഫുട്ബോൾ ടൂർണമെന്റിനു ഈ മാസം 19ന് തുടക്കമാകും. ജൂനിയർ ആൺകുട്ടികൾ, പെൺകുട്ടികൾ, സബ് ജൂനിയർ എന്നീ മൂന്ന് വിഭാഗങ്ങളിലായി 106 ടീമുകൾ പങ്കെടുക്കും. അടുത്ത മാസം 25 വരെ ഡൽഹിയിലും ബെംഗളൂരുവിലുമായി സംഘടിപ്പിക്കുന്ന ടൂർണമെന്റിൽ 200 ലധികം മത്സരങ്ങൾ നടത്തും.

✪✪✪

ഈ മാസം 30-ന് പുന്നമട കായലിൽ നടത്തുന്ന 71-ാമത് നെഹ്റു ട്രോഫി വള്ളം കളിയുടെ ഓൺലൈൻ ടിക്കറ്റ് വിൽപ്പന മൂന്ന് ദിവസത്തിനകം ആരംഭിക്കും. നെഹ്റു ട്രോഫി ബോട്ട് റേസ് സൊസൈറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിലൂടെ ആയിരിക്കും വിൽപ്പന. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയും ഫെഡറൽ ബാങ്കുമാണ് സംവിധാനം ഒരുക്കുന്നത്.

✪✪✪

ആന്ധ്രാപ്രദേശിൽ പതിനഞ്ചാമത് ജൂനിയർ ദേശീയ വനിതാ ഹോക്കി ചാമ്പ്യൻഷിപ്പിൽ തുടർച്ചയായ രണ്ടാം വർഷവും ജാർഖണ്ഡ് വനിതാ ഹോക്കി ടീം ചാമ്പ്യന്മാരായി. ഫൈനലിൽ ഹരിയാനയെ 2-1 നാണ് അവർ തോൽപ്പിച്ചത്.

✪✪✪

കളമശ്ശേരി മണ്ഡലത്തിൽ കൃഷിയ്ക്കൊപ്പം കളമശ്ശേരി പദ്ധതിയുടെ ഭാഗമായി ചിങ്ങമാസം ഒന്നുമുതൽ എയർ കണ്ടീഷൻ ചെയ്ത വാഹനങ്ങൾ ഉപയോഗിച്ച് 'ഫാം ടു പ്ലേറ്റ് ' സംവിധാനം നടപ്പിലാക്കുമെന്ന് മന്ത്രി P. രാജീവ് അറിയിച്ചു. കൃഷിയിടത്തിൽ നിന്ന് നേരിട്ട് അടുക്കളയിലേക്ക് പച്ചക്കറികൾ എത്തിക്കുകയാണ് ലക്ഷ്യം.

✪✪✪

സംസ്ഥാനത്തെ 14 ജില്ലാപഞ്ചായത്തുകളിലെ വാർഡ് പുനർ വിഭജനത്തിന്റെ അന്തിമ വിജ്ഞാപനത്തിന് ഡീലിമിറ്റേഷൻ കമ്മീഷൻ അംഗീകാരം നൽകി. ഇതോടെ സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ വാർഡ് പുനർ നിർണയപ്രക്രിയ പൂർത്തിയായി.

✪✪✪

കണ്ണൂർ ആറളം ഫാമിൽ ഓപ്പറേഷൻ ഗജമുക്തി പുരോഗമിക്കുന്നു. ഓപറേഷൻ നാളെ വരെ തുടരും. ഇന്നലെ വൈകിട്ട് ബ്ലോക്ക് 13 ൽ നിന്ന് ഒരു കൊമ്പനാനയെ ഉരുപ്പുകുന്ന് ഭാഗത്തേക്ക് തുരത്തി. കഴിഞ്ഞ രണ്ട് ദിവസത്തിനിടെ 10 ആനകളെ കാടു കയറ്റിയിട്ടുണ്ട്.

✪✪✪

*News Editor & Reader: വി കെ സുരേഷ്*
*NRTs: അനിൽ ചന്ദ്രൻ,*
*സബിത ആനന്ദ്*
*DEO: സി കെ സുബോധ്*